# ജീവിതയാത്ര

Jeevitha Yatra

KRISHNAMURTI FOUNDATION INDIA | MAY - AUGUST 2019 | RS.2/- VOL. 14 ISSUE 3

**ജെ. കൃഷ്ണമൂർത്തിയുടെ തത്ത്വങ്ങൾ ഉൾക്കൊള്ളുന്ന പ്രസിദ്ധീകരണം**

## ആന്തരികമായ അറിവ് എന്താണ്?



***ചോദ്യം:*** *നിങ്ങൾ പറഞ്ഞതുപോലെ, അറിവ് എന്തുകൊണ്ടാണ് എപ്പോഴും അപൂർണ്ണമായിരിക്കുന്നത്? നിരീക്ഷിക്കുമ്പോൾ താൻ നിരീക്ഷിക്കുന്നു എന്ന് ഒരാൾ ബോധവാനാകുന്നുണ്ടോ? അതോ നിരീക്ഷണ വസ്തുവിനെക്കുറിച്ച് മാത്രമാണോ ബോധവാനാകുന്നത്? അവബോധം വിശകലനത്തിൽ എത്തിപ്പെടുമോ? ആന്തരികമായ അറിവ് എന്താണ്?*

*കൃഷ്ണമൂർത്തി:* ഇതിനെല്ലാം ഉത്തരം തരാൻ പോകുന്നത് ആരാണെന്നാണ് നിങ്ങൾ കരുതുന്നത്—ദിവ്യ അരുളപ്പാട് നടത്തുന്നവരോ, ഉയർന്ന പദവിയിലുള്ള പുരോഹിതരോ, ജോത്സ്യന്മാരോ, ഭവിഷ്യദ്വാദികളോ? ആരിൽനിന്നാണ് ഇതിനെല്ലാം ഉത്തരം പ്രതീക്ഷിക്കുന്നത്? നിങ്ങൾ ഇതെല്ലാം ചോദിച്ചതിനാൽ നമുക്ക് ഒരുമിച്ച് ഇതിനെക്കുറിച്ച് സംസാരിക്കാം. എന്നാൽ പ്രഭാഷകൻ ഇതിനെല്ലാം ഉത്തരം പറയുക, നിങ്ങൾ അത് സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്ത് ഒരു പ്രഭാതം വെറുതെപോയി എന്ന ആവലാതിയോടെ പിരിഞ്ഞുപോകുക ആകരുത്. വളരെ ഗൗരവത്തോടെ ഈ ചോദ്യങ്ങൾ നമുക്ക് ചർച്ച ചെയ്യാനായാൽ, ചോദ്യത്തിന്റെ ഉള്ളിലേക്ക് ആഴ്ന്നിറങ്ങിയാൽ, അത് നിങ്ങളുടെ തന്നെ ഉത്തരമായിരിക്കും; മറുപടി പറയുന്ന ഒരാളുടെ ഉത്തരമായിരിക്കുകയില്ല. നിങ്ങൾക്ക് അർബുദത്തെക്കുറിച്ച് സംസാരിക്കാം, എന്നാൽ ആ രോഗം നിങ്ങൾക്ക് ഉണ്ടായിരിക്കുകയില്ല. എന്നാൽ നിങ്ങൾക്ക് അതുണ്ടെങ്കിൽ അതിന്റെ വേദനയിൽ, ആകുലതയിൽ, ഭയത്തിൽ നിങ്ങൾ വ്യാപൃതരായിരിക്കും.

എന്തുകൊണ്ടാണ് അറിവ് എപ്പോഴും അപൂർണ്ണമായിരിക്കുന്നത്? അറിവ് എന്താണ്? “ഞാൻ അറിയുന്നു” എന്ന് പറയുമ്പോൾ നാം എന്താണ് അർത്ഥമാക്കുന്നത്? എനിക്ക് എന്റെ ഭാര്യയെ, ഭർത്താവിനെ, കൂട്ടുകാരിയെ, കൂട്ടുകാരനെ അറിയാം എന്ന് നിങ്ങൾ പറയുമ്പോൾ, നിങ്ങൾ അവരെ ശരിക്കും അറിയുന്നുണ്ടോ? അവരെ എപ്പോഴെങ്കിലും അറിയുവാൻ കഴിയുമോ? അവരുടെ ഒരു പ്രതിരൂപമല്ലേ നിങ്ങൾക്കുള്ളത്? ആ മനോചിത്രം യാഥാർത്ഥ്യമാണോ? അപ്പോൾ, അറിയൽ എപ്പോഴും പരിമിതമാണ്. ശാസ്ത്രജ്ഞാനവും പരിമിതം തന്നെ. വസ്തുവിനപ്പുറം എന്തെങ്കിലുമുണ്ടോ എന്ന് ശാസ്ത്രജ്ഞന്മാർ കണ്ടുപിടിക്കാൻ ശ്രമിക്കുന്നു. അതിനെക്കുറിച്ച് ഒരുപാട് അറിവുകൾ അവർ ശേഖരിച്ചുവെങ്കിലും അതെന്താണെന്ന് അവർ ഇതുവരെ കണ്ടെത്തിയിട്ടില്ല. അറിവും അറിവില്ലായ്മയും എപ്പോഴും ഒരുമിച്ചാണ് പോകുന്നത്. അതായത് അറിയപ്പെടാത്തതും അറിഞ്ഞതും. വസ്തുവിലൂടെ അതിനതീതമായതിനെ കണ്ടെത്തുമെന്നാണ് ശാസ്ത്രജ്ഞന്മാർ പറയുന്നത്. എന്നാൽ നമ്മൾ മനുഷ്യ വസ്തുവാണ്. നമ്മുടെ മനസ്സ് വസ്തുവാണ്. നാം എന്തുകൊണ്ട് അതിനുള്ളിൽ കടക്കാൻ ശ്രമിക്കുന്നില്ല? കാരണം മനസ്സിന് സ്വയം ഉള്ളിലൂടെത്തന്നെ സഞ്ചരിക്കാനായാൽ എല്ലാറ്റിനും ഉറവിടമായതിലേക്ക് എത്തിച്ചേരാനുള്ള സാദ്ധ്യത കൂടുതലുണ്ട്.

അവനവനെക്കുറിച്ചുള്ള അറിവും പരിമിതമാണ്. എന്നെ സ്വയമറിയാൻ വേണ്ടി എനിക്ക് മനഃശാസ്ത്രം പഠിക്കാം. മനശാസ്ത്രജ്ഞരോ, മനോരോഗ ചികിത്സകരോ, മനസ്സ് വിശകലനം നടത്തുന്നവരോ ഒക്കെയായി സംസാരിക്കുകയോ ആകാം. പക്ഷേ ആ അറിവും പരിമിതമാണ്. എന്നാൽ ഞാൻ എന്ന സത്തയിലേക്ക് ആഴ്ന്നിറങ്ങിയാൽ അതിന് അതീതമായി, അനന്തമായി സഞ്ചരിക്കാനുള്ള സാദ്ധ്യതയുണ്ട്. ഇത് വളരെ പ്രധാനപ്പെട്ടതാണ്. ഇതില്ലാതെ ജീവിതത്തിന് അർത്ഥമില്ല—സുഖത്തിന്റെയും ദുഃഖത്തിന്റെയും, പ്രതിഫലത്തിന്റെയും ദണ്ഡനത്തിന്റെയും ചാക്രികമായ ആവർത്തി മാത്രം. ഇത്തരമൊരു മാതൃകയിലാണ് നാം ജീവിക്കുന്നത്. നാം സംഭരിച്ചുവെച്ചിരിക്കുന്ന മാനസികമായ അറിവാണ് (psychological knowledge) നാം അകപ്പെട്ടിരിക്കുന്ന ഈ മാതൃകയെ സൃ

# ആന്തരികമായ അറിവ് എന്താണ്?

ഷ്ടിച്ചിരിക്കുന്നത്. അറിവ്—അത് ഭൗതികമായതോ മാനസികമായതോ ആകട്ടെ—എപ്പോഴും പരിമിതമായിരിക്കും.

നിരീക്ഷിക്കുമ്പോൾ താൻ നിരീക്ഷിക്കുന്നു എന്ന് ഒരാൾ ബോധവാനാകുന്നുണ്ടോ? അതോ നിരീക്ഷിക്കുന്ന വസ്തു മാത്രമാണോ അറിയുന്നത്? ആ അവബോധം (awareness) വിശകലനത്തിലേക്ക് നീങ്ങുമോ? നിരീക്ഷിക്കുക എന്നാൽ എന്താണ്? കണ്ണുകൾ കൊണ്ടുള്ള ബാഹ്യമായ നിരീക്ഷണമുണ്ട്—ആ മരം നിരീക്ഷിക്കുന്നതുപോലെ. പിന്നെ ആന്തരിക നിരീക്ഷണമുണ്ട്. ചെവികൊണ്ടുള്ള പുറം ശബ്ദങ്ങളുടെ കേൾവിയുണ്ട്, ആന്തരികമായ കേൾവിയുമുണ്ട്.

നാം നിരീക്ഷിക്കുമ്പോൾ നാം യഥാർത്ഥമായി കാണുന്നുണ്ടോ അതോ വാക്കിന്റെ മറയിലൂടെയാണോ കാണുന്നത്? അതായത് മരമെന്ന് നാം വിളിക്കുന്ന ഒരു വസ്തുവിനെ ഞാൻ കാണുന്നു. പിന്നെ "മരം" എന്ന് ഞാൻ പറയുന്നു. അപ്പോൾ ഞാൻ വാക്കിലൂടെയാണ് കാണുന്നത്. വാക്കിലൂടെയല്ലാതെ നിരീക്ഷിക്കാൻ കഴിയുമോ എന്ന് നമുക്ക് അന്വേഷിക്കാമോ? കാരണം, നിരീക്ഷിക്കുന്നതിനേക്കാൾ കൂടുതൽ പ്രാധാന്യം വാക്കിനാണ് ലഭിച്ചിട്ടുള്ളത്. ഓർമ്മകളിലൂടെയും മനോചിത്രങ്ങളിലൂടെയും ഇന്ദ്രിയബോധത്തിലൂടെയും മുൻകോപത്തിലൂടെയുമാണ് ഭർത്താവ് ഭാര്യയെയും, ഭാര്യ ഭർത്താവിനെയും കാണുന്നത്. അവർ ഒരിക്കലും നേരെ കാണുന്നില്ല.

അടുത്തിടപഴകുന്ന, കൂടെ താമസിക്കുന്ന ഒരു വ്യക്തിയെ പ്രതിരൂപങ്ങളോ സങ്കല്പങ്ങളോ ധാരണകളോ ഇല്ലാതെ നിരീക്ഷിക്കാൻ കഴിയുമോ? മരത്തെ വാക്കില്ലാതെ നോക്കാൻ ഒരുപക്ഷേ എളുപ്പമാണ്, നിങ്ങൾ അതിലേക്കു കടക്കണമെന്നു മാത്രം. എന്നാൽ കൂടെ താമസിക്കുന്ന ഒരു വ്യക്തിയെ അയാളുമായി ബന്ധപ്പെട്ട ഓർമ്മകൾ പൊന്തിവരാതെ നോക്കുക അത്ര എളുപ്പമല്ല.

പ്രതിരൂപങ്ങളിലൂടെ, സംഭരിച്ചുവച്ചിരിക്കുന്ന ഓർമ്മകളിലൂടെ നിരീക്ഷിക്കുന്നത് ഒരു ബന്ധമേയല്ല. അത് ഒരു ചിത്രം മറ്റൊരു ചിത്രവുമായി ബന്ധപ്പെടുന്നതാണ്. അതിനെയാണ് നാം ബന്ധമെന്നു പറയുന്നത്. എന്നാൽ അടുത്തറിയുമ്പോൾ അത് ബന്ധമേ അല്ല എന്ന് കാണാൻ കഴിയും. അത് രണ്ട് ആശയങ്ങളുടെ ഇടപെടൽ മാത്രമാണ്.

കാണുന്ന വസ്തുവിൽനിന്ന് ഒരു ആശയമോ ഒരു അമൂർത്ത ചിത്രമോ സൃഷ്ടിക്കാതെ നമുക്ക് നിരീക്ഷിക്കാൻ കഴിയുമോ? എന്റെ ഭാര്യയെക്കുറിച്ച് ശരിയോ തെറ്റോ ആയ ഒരു പാട് അറിവുകൾ, മാനസികമായി ഞാൻ സംഭരിച്ചിരിക്കുന്നു. എന്റെ സംവേദനക്ഷമതയും അതിമോഹവും ആർത്തിയും അസൂയയും സ്വാർത്ഥതാല്പര്യങ്ങളും അനുസരിച്ചായിരിക്കും ഞാനീ അറിവ് കെട്ടിപ്പടുക്കുന്നത്. അതുതന്നെയാണ് മാനസികമായ അറിവ്. സചേതനമായ ഒരു വ്യക്തിയെ യഥാർത്ഥമായി നിരീക്ഷിക്കുന്നതിനെ, കാണുന്നതിനെ, ഈ അറിവ് തടയുന്നു. സചേതനമായ ആ വ്യക്തിയെ കാണുന്നതിനേക്കാൾ അയാളെക്കുറിച്ച് ഒരു പ്രതിരൂപം ഉണ്ടാക്കുന്നതാണ് കുറെക്കൂടി ഭദ്രമായ നടപടി. അങ്ങനെ എന്റെ മാനസികമായ അറിവ് ശുദ്ധമായ നിരീക്ഷണത്തെ തടയുന്നു. ഇതിൽ നിന്നും നമുക്ക് മുക്തമാകാമോ? എന്റെ ഭാര്യയെക്കുറിച്ചുള്ള പ്രതിരൂപങ്ങൾ എന്നിലുണ്ട്. അതൊരു ഭീകര വസ്തുതയാണ്. അത് തോളിൽ ഏറ്റിയ കല്ലുപോലെയാണ്. എനിക്കതെങ്ങിനെ വലിച്ചെറിയാൻ കഴിയും? ആ കല്ല്, അതായത്, എന്റെ പ്രതിരൂപങ്ങൾ നിരീക്ഷകനിൽനിന്നും വ്യത്യസ്തമായതാണോ? ഈ പ്രതിരൂപങ്ങൾ "എനിക്ക് ഈ പ്രതിരൂപങ്ങളുണ്ട്, എന്ന് പറയുന്ന നിരീക്ഷകനിൽനിന്നും വേറിട്ടതാണോ? എനിക്ക് ഈ പ്രതിരൂപങ്ങളുണ്ട്, അവയെ എങ്ങനെ തള്ളിനീക്കാൻ കഴിയും?" എന്ന് ചോദിക്കുന്ന നിരീക്ഷകൻ, അവൻ നിരീക്ഷിക്കുന്ന പ്രതിരൂപങ്ങളിൽ നിന്നും ഭിന്നമാണോ? തീർച്ചയായും അല്ല.

നിരീക്ഷകൻ തന്നെയാണ് പ്രതിരൂപങ്ങളെല്ലാം നിർമ്മിക്കുന്നത്. അയാൾ അതിനെ തന്നിൽനിന്നും വേർപെടുത്തി "ഞാൻ ഇതെങ്ങനെ കൈകാര്യം ചെയ്യണം" എന്ന് ചോദിക്കുന്നു. ഇങ്ങനെയാണ് നാം ജീവിക്കുന്നത്, നമ്മുടെ പ്രവർത്തനരീതി ഇതാണ്. നമുക്ക് പരിചയമുള്ള ശീലവിധേയത്വം (conditioning) ഇതാണ്. അതുകൊണ്ട് നാം അതിനെ സ്വാഭാവികമായി അംഗീകരിക്കുന്നു. എന്നാൽ നാം ഇപ്പോൾ തികച്ചും വ്യത്യസ്തമായ ഒരു കാര്യമാണ് പറയുന്നത്—നിരീക്ഷകൻ (observer) തന്നെയാണ് നിരീക്ഷിതവസ്തുവും (observed) എന്ന്.

നിരീക്ഷകൻ എന്താണെന്ന് നാം അന്വേഷിക്കണം. നിരീക്ഷകൻ അയാളുടെ സർവ്വ അനുഭവങ്ങളുടെയും ഫലമാണ്. അയാൾ അയാളുടെ അറിവുകൾ, ഓർമ്മകൾ, ഭയം, ഉൽക്കണ്ഠകൾ എല്ലാം ആണ്—ഭൂതകാലമാണ്. നിരീക്ഷകൻ എല്ലായ്പ്പോഴും ഭൂതകാലത്തിൽ ജീവിക്കുന്നു. വർത്തമാനകാലത്തെ നേരിടാൻ അയാൾ സദാ അയാളെത്തന്നെ മാറ്റിക്കൊണ്ടിരിക്കുന്നുവെങ്കിലും, ഭൂതകാലത്തിലാണ് അയാൾ വേരൂന്നിയിരിക്കുന്നത്. കാലത്തിന്റെ നീക്കം ഇതാണ്—ഭൂതകാലം വർത്തമാനത്തിൽ സ്വയം ഭേദഗതി വരുത്തി ഭാവിയിലേക്ക് കടക്കുന്നു. മാനസികമായ ഊക്ക്, അല്ലെങ്കിൽ കാലത്തിന്റെ ഗതി ഇതാണ്.

ഒരു വ്യക്തിയെ അല്ലെങ്കിൽ വസ്തുവിനെ നിരീക്ഷിക്കുമ്പോൾ, അയാളെക്കുറിച്ച് അല്ലെങ്കിൽ അതിനെക്കുറിച്ച് നാം സൃഷ്ടിച്ചിട്ടുള്ള പ്രതിരൂപത്തിലൂടെയാണ് നാം നിരീക്ഷിക്കുന്നത്. ആ പ്രതിരൂപമില്ലാതെ നിരീക്ഷിക്കാൻ കഴിയുമോ? അതായത്, നിരീക്ഷണത്തിൽ നിരീക്ഷകൻ ഒഴിഞ്ഞിരിക്കാമോ? നാം അടുത്തറിയുന്ന ഒരാളെ കാണുമ്പോൾ ഒരു പ്രതിരൂപം ജനിക്കുന്നു. അയാളെ കൂടുതൽ അടുത്തറിഞ്ഞിട്ടുണ്ടെങ്കിൽ കൂടുതൽ ദൃഢമുള്ളതാകുന്നു. ആ മനോചിത്രം. ആ മനോചിത്രം ഇല്ലാതെ അയാളെ നോക്കാൻ കഴിയുമോ? അതായത്, നിരീക്ഷകൻ ഇല്ലാതെ അയാളെ നിരീക്ഷിക്കാൻ കഴിയുമോ? അതാണ് ശുദ്ധമായ നിരീക്ഷണം.

ആ അവബോധം വിശകലനത്തിലേക്ക് നീങ്ങുമോ? തീർച്ചയായും ഇല്ല. വിശകലനം എന്നാൽ എന്താണ്? ആരാണ് അത് നടത്തുന്നത്? ഞാൻ എന്നെ വിശകലനം ചെയ്യുന്നു എന്നിരിക്കട്ടെ. ആരാണ് ഈ വിശകലനം ചെയ്യുന്നവൻ? അയാൾ എന്നിൽനിന്നും അന്യനാണോ? തീർച്ചയായും അല്ല.

നമ്മൾ മനുഷ്യർക്കിടയിലുള്ള സംഘർഷത്തിന്റെ ഘടനയെത്തന്നെ എടുത്തുകളയുകയാണ്. വിഭജനമുള്ളിടത്തോളം കാലം ആ സംഘർഷം നിലകൊള്ളും. എന്നിലുള്ളിലെ വിഭജനമാണ് പുറമെയുള്ള വിഭജന

# ആന്തരികമായ അറിവ് എന്താണ്?

ങ്ങളെ സൃഷ്ടിക്കുന്നത്. ഞാൻ ഹിന്ദുവാണെന്ന് പറഞ്ഞാൽ അത് എന്നിൽത്തന്നെ വിഭജനമുണ്ടാക്കുന്നു. ഞാൻ ഹിന്ദുവാണെന്ന പ്രതിരൂപത്തോടുള്ള ഐക്യപ്പെടൽ ഒരുതരം സുരക്ഷ എനിക്ക് തരുന്നു. അതിനാൽ ഞാൻ അതിൽ പിടിച്ച് നിൽക്കുന്നു. എന്നാൽ അത് വെറും അബദ്ധമാണ്. കാരണം ഒരു പ്രതിരൂപത്തിൽ സുരക്ഷിതത്വമില്ല. മുസൽമാനും അറബിയും യഹൂദനും ഇതു തന്നെയാണ് ചെയ്യുന്നത്. അതുകൊണ്ട് നാം പരസ്പരം കൊലവിളിക്കുന്നു.

മാനസികമായി നിരീക്ഷകൻ നിരീക്ഷണവസ്തുവായിരിക്കുമ്പോൾ അവിടെ സംഘർഷമില്ല. കാരണം അവിടെ വിഭജനമില്ല. ഇത് വ്യക്തമായി കാണുക. നമ്മുടെ മനസ്സ് ഈ വിഭജനത്തിൽ നിലകൊള്ളാൻ പഠിപ്പിക്കപ്പെടുകയും പരിശീലിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു—ഞാനും ഞാൻ നിരീക്ഷിക്കുന്നതും വ്യത്യസ്തമാണ്; എന്റെ ദേഷ്യവും അസൂയയും എന്നിൽനിന്നും അന്യമാണ്; അതുകൊണ്ട് ഞാൻ അതിനെ എന്തെങ്കിലും ചെയ്യണം; അതിനെ നിയന്ത്രിക്കണം, അടിച്ചമർത്തണം, അതിനെ മറികടക്കണം, അതിനെ കൈകാര്യം ചെയ്യണം എന്നെല്ലാം. എന്നാൽ എന്റെ ദേഷ്യവും അസൂയയും "ഞാൻ"തന്നെയാകുമ്പോൾ എന്തു സംഭവിക്കുന്നു? അവിടെ സംഘർഷം ഇല്ലാതാകുന്നു. ആ മാതൃകതന്നെ തകർക്കപ്പെട്ടിരിക്കുന്നു. എന്റെ മനസ്സിന്റെ ശീലവിധേയമായ മാതൃക തകർക്കപ്പെട്ടിരിക്കുന്നു. അത് ചിലതിന്റെ ഒടുക്കവും മറ്റു ചിലതിന്റെ തുടക്കവുമാകുന്നു. മാതൃക ഖണ്ഡിക്കപ്പെടുകയും പിടച്ചിലുകൾ അവസാനിക്കുകയും ചെയ്യുമ്പോൾ എന്തു സംഭവിക്കുന്നു? പുതിയൊരു ആയം, പുതിയൊരു ചലനം ആവിർഭവിക്കുന്നു.

ഒരു മരത്തെ നിരീക്ഷിക്കുമ്പോൾ "മരം" എന്ന വാക്ക് ഇടയ്ക്ക് കയറി വരുന്നു. ഒരു വസ്തുവിനെ കാണുമ്പോൾ, അതൊരു മരമാണ്, ചിത്രശലഭമാണ്, മാനാണ്, നദിയാണ്, മലയാണ് എന്ന നിങ്ങൾ പറയുന്നു. പെട്ടെന്ന് ഒരു പ്രതികരണം ഉണ്ടാകുന്നു. ആ പ്രതികരണത്തെ നിരീക്ഷിക്കുവാനും ഒരുപക്ഷേ അതിനെ മാറ്റി നിർത്താനുമായേക്കാം. അപ്പോൾ മരത്തിന്റെ കേവലമായ നിരീക്ഷണം മാത്രമേയുള്ളൂ. അതിന്റെ രേഖകളുടെ സൗന്ദര്യത്തെ, അതിന്റെ പ്രസാദത്തെ, അതിന്റെ ഗഹനതയെ കാണുന്നു. ഇനി നിങ്ങളോടൊപ്പം ജീവിക്കുന്ന വ്യക്തിയുമായി, നിങ്ങളുടെ ചിരകാല സുഹൃത്തുമായി ഇതുതന്നെ ചെയ്യുക. അയാളെക്കുറിച്ചുള്ള ഒരൊറ്റ മനോചിത്രവുമില്ലാതെ അയാളെ നിരീക്ഷിക്കുക. അപ്പോൾ അവിടെ ബന്ധം അനന്യസാധാരണമായിരിക്കും.

ഭാര്യയ്ക്ക് ഭർത്താവിനെക്കുറിച്ച് പ്രതിരൂപങ്ങളൊന്നുമില്ലെന്നിരിക്കട്ടെ. അവിടെ ഭർത്താവുമായുള്ള ബന്ധം എന്തായിരിക്കും? ഭർത്താവ് ദുഷ്ടതയുള്ളവനും ഭാര്യ അങ്ങനെ അല്ലാത്തവളും എന്ന് കരുതുക. അവർ തമ്മിൽ ബന്ധം എന്തെങ്കിലുമുണ്ടോ? ഐന്ദ്രിയാനുഭൂതിയായി ലൈംഗികപരമായല്ലാതെ അവർ തമ്മിൽ ബന്ധമുണ്ടോ? തീർച്ചയായും ഇല്ല. എന്നിട്ടും അവർ ഒരേ വീട്ടിൽ കഴിയേണ്ടി വരുന്നു. അപ്പോൾ ഭർത്താവ് എന്ത് ചെയ്യും?

ഒരുപക്ഷേ അതൊരു യഥാർത്ഥമായ, അപാരമായ സ്നേഹം കവിയുന്ന ജീവിതരീതിയായിരിക്കും. ഇവിടെ ഭാര്യയ്ക്ക് ഭർത്താവിനെക്കുറിച്ച് പ്രതിരൂപങ്ങളില്ല. എന്നാൽ ഭർത്താവിന് ആശയങ്ങളും ബിംബങ്ങളും എല്ലായിപ്പോഴും മനസ്സിൽ കുമിഞ്ഞുകൂടുന്നു. അവർ ഒന്നിച്ചു കഴിയുമ്പോൾ എന്താ സംഭവിക്കുക? അവൾ സ്വതന്ത്രയാണ്, അയാൾ അല്ലതാനും. ഭാര്യയ്ക്ക് തന്നെക്കുറിച്ച് പ്രതിചിത്രങ്ങൾ ഉണ്ടായിരിക്കാൻ ഭർത്താവ് ആഗ്രഹിക്കുന്നു. അയാൾക്ക് അതാണ് പരിചിതമായത്. "ഇനി വയ്യ" എന്നവൾ പറയുംവരെ വിനാശകരമായ ബന്ധം തുടർന്നുപോകുന്നു. അവൾ വിവാഹമോചനം ചെയ്യുമോ? ഒരുപക്ഷേ അവൾക്ക് മനോചിത്രങ്ങളില്ലാത്തതിനാൽ ആ വീട്ടിൽ തികച്ചും വ്യത്യസ്തമായ ഒരു അവസ്ഥ വന്നുചേരുമായിരിക്കും. അവൾ അചഞ്ചലയായിരിക്കുന്നതുകൊണ്ട് അയാളിൽ ബോധമുദിക്കുവാൻ തുടങ്ങുന്നു—നിങ്ങൾക്കു മനസ്സിലായോ? അയാൾ അലഞ്ഞുകൊണ്ടേയിരിക്കുന്നു. അചഞ്ചലമായ വല്ലതിനെയും അയാൾ അഭിമുഖീകരിക്കുമ്പോൾ അയാളിൽ ചിലത് സംഭവിക്കുന്നു.

## വേദന

***ചോദ്യം:*** *വേദനയ്ക്കെതിരായ രക്ഷണോപാദിയായിട്ടല്ലേ ചിന്ത ഉയരുന്നത്? ശാരീരികമായ വേദനയിൽനിന്നും സ്വയം മാറിപ്പോകാൻവേണ്ടി കുഞ്ഞ് ചിന്തിക്കാൻ തുടങ്ങുന്നു. ചിന്ത, അതായത് മാനസികമായ അറിവ്, വേദനയുടെ പരിണിതഫലമാണോ? അതോ വേദന ചിന്തയുടെ ഫലമോ? ബാല്യത്തിൽ നാം വളർത്തിയെടുത്തിട്ടുള്ള പ്രതിരോധങ്ങൾക്കപ്പുറം പോകാൻ ഒരാൾക്ക് എങ്ങനെ സാധിക്കും?*

*കൃഷ്ണമൂർത്തി:* കാലിൽ ഒരു സൂചി തറച്ചാൽ വേദനയുണ്ടാകുന്നു. അപ്പോൾ ഈ വേദന അവസാനിക്കണമെന്നുള്ള ഉത്കണ്ഠ ഉണ്ടാകുന്നു. ചിന്തയുടെ ചലനം, സിരകളുടെ പ്രതിപ്രവർത്തനം ആണ് ഇത്. അതോടെ ആ പ്രതിരോധവുമായി താദാത്മ്യം പ്രാപിച്ചുകൊണ്ട് "അത് ഇല്ലാതാകുമെന്ന് ഞാൻ ആശിക്കുന്നു. ഇനി ഒരിക്കലും അത് എനിക്കുണ്ടാവരുത്", എന്ന് ഞാൻ പറയുന്നു. ഇതെല്ലാം ചിന്തയുടെ തുടർചലനങ്ങളാണ്. ഭയം വേദനയുടെ ഭാഗമാണ്. ചിന്തയില്ലാതെ ഭയം ഉണ്ടോ?

ചിന്തയെ വേദനയിൽനിന്നും അകറ്റി നിർത്താൻ നിങ്ങൾ എപ്പോഴെങ്കിലും ശ്രമിച്ചിട്ടുണ്ടോ? ഒരു പല്ലു ഡോക്ടറുടെ കസേരയിലിരുന്ന് നടക്കുന്ന ഓരോ കാര്യങ്ങളും നോക്കിക്കാണുക, ഒന്നിനോടും താദാത്മ്യം ഇല്ലാതെ നിരീക്ഷിക്കുക. ഇത് നിങ്ങൾക്ക് ചെയ്യാവുന്നതാണ്. പല്ലു ഡോക്ടറുടെ കസേരയിൽ ഞാൻ നാലുമണിക്കൂർ നേരം ഇരുന്നിട്ടുണ്ട്. ആ സമയം ഒരു ചിന്തപോലും എന്റെ മനസ്സിൽ കടന്നുവന്നിട്ടില്ല.

ബാല്യത്തിൽ നാം വളർത്തിയെടുത്ത രക്ഷണോപാദികൾക്കപ്പുറം പോകാൻ എങ്ങനെ സാധിക്കും? ഒരു മനഃശാസ്ത്രജ്ഞനെ സമീപിക്കുമോ? ഏറ്റവും എളുപ്പവഴിയായി നിങ്ങളത് കാണുന്നുണ്ടായിരിക്കും. ബാല്യം തൊട്ടിങ്ങോട്ടുള്ള എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ അയാൾക്ക് കഴിയുമെന്ന് നിങ്ങൾ കരുതുന്നുണ്ടാകും. പക്ഷേ അയാൾക്കതിനാവില്ല. ചെറിയ മാറ്റങ്ങൾ ഉണ്ടാക്കാൻ അയാൾക്ക് കഴിയുമായിരിക്കാം. പിന്നെ എന്താണ് ചെയ്യേണ്ടത്? നമുക്ക് സമീപിക്കാനായി ആരും ഇല്ല. ഈ സത്യത്തെ നിങ്ങൾ അഭിമുഖീകരിക്കുമോ? നിങ്ങൾക്ക് സമീപിക്കാൻ ആരും ഇല്ല എന്ന വസ്തുതയെ നിങ്ങൾ എപ്പോഴെങ്കിലും അഭിമുഖീകരിച്ചിട്ടുണ്ടോ? ഒരാൾക്ക് കാൻസർ ബാധയുണ്ടെങ്കിൽ ഒരു ഡോക്ടറെ സമീപിക്കാവുന്നതാണ്. എന്നാൽ ബാല്യത്തിൽ നാം സ്വരൂപിച്ച ആന്തരികമാ

# വേദനയുംചിന്തയും

യ അറിവുകളുടെ കാര്യം വ്യത്യസ്തമാണ്. ഈ അറിവുകളാണ് നമ്മിൽ മാനസികവൈകല്യങ്ങൾ ഉണ്ടാക്കുന്നത്. പൊതുവെ എല്ലാ മനുഷ്യരും മനോവൈകല്യമുള്ളവരാണ്.

നമുക്ക് ചെയ്യാവുന്നത് എന്താണ്? ശകലം തലതിരിഞ്ഞ ഈ ലോകത്തിൽ, നമ്മുടെ ബന്ധുക്കളും സുഹൃത്തുക്കളും എല്ലാംതന്നെ ചെറിയ ക്രമം തെറ്റലുള്ളവരാണെന്നും, നാമും അവരെപ്പോലെതന്നെയാണെന്നും കാണുന്ന നമുക്ക് എന്തുചെയ്യണമെന്ന് എങ്ങനെ അറിയും? നമുക്ക് സമീപിക്കാനായി ആരുംതന്നെയില്ല. മറ്റുള്ളവരെയും പുസ്തകങ്ങളെയും മനഃശാസ്ത്രജ്ഞരെയും പ്രാമാണികത്വത്തെയും ആശ്രയിക്കാതെ വരുമ്പോൾ മനസ്സിൽ എന്താണ് സംഭവിക്കുക? ആരെയും ആശ്രയിക്കാൻ പറ്റില്ല എന്ന് യഥാർത്ഥമായി തിരിച്ചറിയുമ്പോൾ മനസ്സിന് എന്ത് സംഭവിക്കുന്നു? മനോവൈകല്യം പരാശ്രിതത്വത്തിന്റെ പരിണതഫലമാണ്. ഭാര്യയെ, ഡോക്ടറെ, ദൈവത്തെ, മനഃശാസ്ത്രജ്ഞരെ എല്ലാം നാം ആശ്രയിക്കുന്നു. നാം നമുക്കു ചുറ്റും അനേകം ആശ്രിതബന്ധങ്ങൾ സ്ഥാപിച്ചിരിക്കുകയാണ്. ഈ ആശ്രിതബന്ധങ്ങളിൽ സുരക്ഷിതത്വം ഉണ്ടെന്ന് നാം കരുതുന്നു. ഇതിനെ ഒന്നും ആശ്രയിക്കാൻ കഴിയില്ല എന്ന് ബോദ്ധ്യം വന്നാൽ എന്തു പറ്റുന്നു? ഇത് നേരിടാൻ നാം പൊതുവെ തയ്യാറല്ല. ഒരാൾ അയാളുടെ ഭാര്യയെ ആശ്രയിക്കുന്നു. അവൾ അതിന് പ്രോത്സാഹനവും തരുന്നു; തിരിച്ചും അങ്ങനെത്തന്നെ. നമ്മുടെ മനോവൈകല്യത്തിന്റെ ഭാഗമാണത്. ആ ആശ്രിതത്വത്തിനെ നിങ്ങൾ ഉപേക്ഷിക്കുന്നില്ല; നിങ്ങൾ അതിനെ പരിശോധിക്കുന്നു. ഭാര്യയെ ആശ്രയിക്കുന്നതിൽനിന്ന് മുക്തനാവാൻ നിങ്ങൾക്ക് കഴിയുമോ? നിങ്ങൾ അതിന് മുതിരുകയില്ല. കാരണം നിങ്ങൾ ഭയചകിതനാണ്. നിങ്ങൾക്ക് അവളിൽനിന്ന് പലതും വേണം—ലൈംഗികത അല്ലെങ്കിൽ മറ്റെന്തെങ്കിലും. നിങ്ങളുടെ ഭാവനകളെ എടുത്തുകാട്ടി അവൾ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. നിങ്ങൾ അധികാരം ചെലുത്തുവാനും അത്യാഗ്രഹിയായിരിക്കൂവാനും അവൾ നിങ്ങളെ സഹായിക്കുന്നു. അല്ലെങ്കിൽ നിങ്ങളൊരു മഹാനായ തത്വചിന്തകനാണെന്ന് അവൾ പറയുന്നു. എന്നാൽ മറ്റൊരാളെ ആശ്രയിക്കുക എന്ന അവസ്ഥ തന്നെയാകാം നിഗൂഢമായ ഈ മനോവൈകല്യത്തിന്റെ കാരണമെന്ന് തിരിച്ചറിയുക. ആ മാതൃക ഖണ്ഡിക്കുമ്പോൾ എന്താണ് സംഭവിക്കുക? നാം സുബുദ്ധിയുള്ളവരാകുന്നു. സത്യം എന്തെന്ന് കണ്ടെത്താൻ ഒരുവന് ഈ സുബുദ്ധി ആവശ്യമാണ്. ആശ്രിതത്വം ബാല്യം മുതലേയുള്ളതാണ്. വേദനയ്ക്കും മാനസികമായ മുറിവുകൾക്കുമെതിരെയുള്ള, സുഖാനുഭവങ്ങൾക്കു വേണ്ടിയുള്ള, വൈകാരികാനുഭവങ്ങൾക്കും ഉത്തേജനത്തിനും വേണ്ടിയുള്ള ഒരു പ്രേരകമായിരിക്കുന്നു ഇത്. നമ്മളിൽ ഇതെല്ലാം സ്ഥാപിക്കപ്പെട്ടിട്ടുണ്ട്, നാം അതിന്റെ ഭാഗമാണ്. ശീലവിധേയമാക്കപ്പെട്ട ഈ മനസ്സിന് സത്യമെന്തെന്ന് ഒരിക്കലും കണ്ടെത്താനാകില്ല. ഒന്നിനേയും ആശ്രയിക്കാതിരിക്കുക എന്നാൽ ഒരാൾ ഏകനാണ്. എല്ലാം ഒന്നായ, പൂർണ്ണമായ അവസ്ഥ. അതുതന്നെയാണ് സുബുദ്ധി. ആ സുബുദ്ധി യുക്തിയും വ്യക്തതയും സമഗ്രതയും നൽകുന്നു.

## സത്യം

***ചോദ്യം:*** *ഇപ്പോഴത്തെ പ്രബലമായ അനുമാനം, എല്ലാം ആപേക്ഷികവും വ്യക്തിപരമായ അഭിപ്രായത്തെ ആശ്രയിച്ചിരിക്കുന്നതും, വ്യക്തിപരമായ അനുഭൂതിയ്ക്കപ്പുറം സത്യം അഥവാ വസ്തുത എന്നൊന്നില്ല എന്നാണ് ഈ വിശ്വാസത്തോടുള്ള ബുദ്ധിപരമായ പ്രതികരണം എന്താണ്?*

*കൃഷ്ണമൂർത്തി:* നമ്മൾ വളരെ വ്യക്തിനിഷ്ഠമായതുകൊണ്ടാണോ ഞാൻ കാണുന്നതുമാത്രമേ, അല്ലെങ്കിൽ നിങ്ങൾ കാണുന്നതു മാത്രമേ സത്യമുള്ളു എന്നു വന്നത്? എന്റെയും നിങ്ങളുടെയും അഭിപ്രായങ്ങൾ മാത്രമാണോ നമുക്കുള്ള വസ്തുതകൾ? അതാണ് ഈ ചോദ്യത്തിന്റെ വിവക്ഷ. അതായത്, എല്ലാം ആപേക്ഷികമാണ്; നന്മ ആപേക്ഷികമാണ്, തിന്മ ആപേക്ഷികമാണ്, സത്യം ആപേക്ഷികമാണ് എന്ന്. എല്ലാം ആപേക്ഷികമാണെങ്കിൽ—അതായത്, പൂർണ്ണമായതും സമഗ്രമായതും സത്യവുമല്ലെങ്കിൽ—നമ്മുടെ പ്രവൃത്തികളും സൗഹൃദങ്ങളും വ്യക്തിബന്ധങ്ങളും എല്ലാം ആപേക്ഷികമായിരിക്കും. പിന്നെ എപ്പോൾ വേണമെങ്കിലും അവ നമ്മെ തൃപ്തിപ്പെടുത്തുന്നില്ലെങ്കിൽ നമുക്കവയെ അവസാനിപ്പിക്കാവുന്നതായിരിക്കും.

വ്യക്തിപരമായ വിശ്വാസങ്ങൾക്കും അഭിപ്രായങ്ങൾക്കും അപ്പുറം സത്യം എന്നൊന്നുണ്ടോ? സത്യമെന്ന വല്ലതുമുണ്ടോ? പുരാതനകാലം മുതൽതന്നെ ഈ ചോദ്യം ഗ്രീക്കുകാരും ഹിന്ദുക്കളും ബൗദ്ധരും ഉന്നയിച്ചിരുന്നു. കിഴക്കൻ മതങ്ങൾ സംശയത്തിനെയും ചോദ്യങ്ങൾ ചോദിക്കുന്നതിനെയും പ്രോത്സാഹിപ്പിച്ചു പോന്നിരുന്നു എന്നത് ഒരു വിചിത്രമായ കാര്യമാണ്. എന്നാൽ പടിഞ്ഞാറൻ മതങ്ങൾ സംശയത്തെ അടിച്ചമർത്തി. അത് മതനിന്ദയായി പ്രഖ്യാപിക്കപ്പെട്ടു.

എല്ലായ്പ്പോഴും ആപേക്ഷികമായ വ്യക്തിപരമായ അഭിപ്രായങ്ങളിൽ നിന്നും അനുഭൂതികളിൽനിന്നും അനുഭവങ്ങളിൽനിന്നും വേറിട്ട, ആപേക്ഷികമല്ലാത്ത, കേവലമായ സത്യം എന്നൊരു അനുഭൂതി, ഒരു ദർശനം ഉണ്ടോ എന്ന് നിങ്ങൾ സ്വയം കണ്ടെത്തണം. ഇത് നിങ്ങൾ എങ്ങനെ കണ്ടെത്തും? എല്ലാ വ്യക്തിപരമായ അഭിപ്രായങ്ങളും ദർശനങ്ങളും ആപേക്ഷികമാണെന്ന് നിങ്ങൾ പറയുന്നെങ്കിൽ, പിന്നെ കേവലമായ സത്യം എന്നൊന്നില്ല, എല്ലാം ആപേക്ഷികമാണ്. അതനുസരിച്ച് നമ്മുടെ പെരുമാറ്റവും വ്യവഹാരവും ജീവിതരീതിയും ഛിന്നഭിന്നമായതും അലക്ഷ്യമായതും ആപേക്ഷികമായതും ആണ്, അവയ്ക്ക് പൂർണ്ണതയില്ല, സമഗ്രതയില്ല.

വ്യക്തിപരമായ അഭിപ്രായങ്ങളുടെ അന്തരീക്ഷത്തിൽ, കേവലമായ, പൂർണ്ണമായ, ഒരിക്കലും മാറാത്ത സത്യം എന്നൊന്ന് ഉണ്ടോ എന്ന് ഒരാൾ എങ്ങനെ കണ്ടുപിടിക്കും? മനസ്സിന്, ബുദ്ധിക്ക്, ചിന്തയ്ക്ക് എങ്ങിനെ കണ്ടെത്താനാകും? നാം ഇപ്പോൾ അന്വേഷിക്കുന്നത് ഒരുപാട് സൂക്ഷ്മപരിശോധനയും, നിത്യജീവിതത്തിലെ പ്രയോഗവും തെറ്റായതെല്ലാം ഒഴിവാക്കലും ഒക്കെ വേണ്ടിവരുന്ന ഒന്നാണ്. അപ്രകാരം മാത്രമേ മുന്നോട്ടുപോകാനാവു.

സത്യത്തെക്കുറിച്ച്, അല്ലെങ്കിൽ സ്നേഹത്തെക്കുറിച്ച് ഒരു മിഥ്യാബോധം, ഒരു മനോരാജ്യം, ഒരു മനോചിത്രം, കാല്പനികമായ ഒരു സങ്കല്പം നിങ്ങൾക്ക് ഉണ്ടെങ്കിൽ അതുതന്നെയാണ് മുന്നോട്ടുള്ള നീക്കത്തിന് തടസ്സമായിരിക്കുന്നത്. മിഥ്യാബോധം എന്താണെന്ന് നിങ്ങൾക്ക് സത്യസന്ധമായി അന്വേഷിക്കാൻ കഴിയുമോ? മിഥ്യാബോധം എങ്ങിനെയാണ് വന്നുകൂടുന്നത്?

അതിന്റെ തായ്‌വേരെന്താണ്? അയ ഥാർത്ഥമായതിനെ വെച്ചോണ്ട് കളിക്കുന്നതല്ലേ അത്? ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നതെന്താണോ അതാണ് യാഥാർത്ഥ്യം. അത് നല്ലതോ ചീത്തയോ രണ്ടിലും പെടാത്തതോ ആയിക്കൊള്ളട്ടെ. എന്താണോ സംഭവിച്ചു കൊണ്ടിരിക്കുന്നത് അതാണ് വാസ്തവം. യഥാർത്ഥമായി നടന്നു കൊണ്ടിരിക്കുന്നതിനെ അഭിമുഖീകരിക്കാൻ നമുക്ക് ഭയമോ താല്പര്യമില്ലായ്മയോ ഉണ്ടെങ്കിൽ, ഉള്ളതിൽ നിന്നുള്ള ആ ഒഴിഞ്ഞുമാറൽ മിഥ്യയിലേക്കും മനോരാജ്യങ്ങളിലേക്കും കാല്പനിക സങ്കല്പങ്ങളിലേക്കും നമ്മെ കൊണ്ടെത്തിക്കുന്നു. "മിഥ്യ" എന്ന വാക്ക് ഇപ്പോൾ ഉള്ളതിൽ നിന്നുള്ള ഒഴിഞ്ഞുപോക്കിനെ സൂചിപ്പിക്കുന്നു.

യാഥാർത്ഥ്യത്തിൽ നിന്നുള്ള ഈ ചലനം, ഈ രക്ഷപ്പെടൽ നമുക്ക് ഒഴിവാക്കാനാകുമോ? എന്താണ് യാഥാർത്ഥ്യം? ഇപ്പോൾ സംഭവിക്കുന്നതെന്തോ അതാണ് യാഥാർത്ഥ്യം. അതിൽ നമ്മുടെ എല്ലാ പ്രതികരണങ്ങളും ആശയങ്ങളും വിശ്വാസങ്ങളും അഭിപ്രായങ്ങളും ഉൾപ്പെടുന്നു. അതിനെ നാം അഭിമുഖീകരിച്ചാൽ പിന്നെ മിഥ്യാസങ്കല്പങ്ങൾ സൃഷ്ടിക്കപ്പെടുകയില്ല. യാഥാർത്ഥ്യത്തിൽ നിന്നുള്ള, ഇപ്പോൾ നിലകൊള്ളുന്നതിലും ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതിലും നിന്നുള്ള, ഒഴിഞ്ഞുപോക്ക് ഉണ്ടെങ്കിൽ മാത്രമേ മിഥ്യാബോധം ഉളവാകുകയുള്ളു. ഉള്ളതിനെ മനസ്സിലാക്കുന്നതിൽ വ്യക്തിപരമായ അഭിപ്രായങ്ങളില്ല. അവിടെ യഥാർത്ഥമായ നിരീക്ഷണമാണ് തീരുമാനം എടുക്കുന്നത്. എന്നാൽ സ്വന്തം വിശ്വാസങ്ങളും ശീലവിധേയതയോ ആ നിരീക്ഷണത്തെ സ്വാധീനിക്കുകയാണെങ്കിൽ, യാഥാർത്ഥ്യത്തെ നിരീക്ഷിക്കുവാൻ ഒരാൾക്ക് കഴിയുകയില്ല. ഉള്ളതിനെ മനസ്സിലാക്കുന്നതിൽനിന്നുള്ള ഒഴിഞ്ഞുമാറലാണ് അത്.

യഥാർത്ഥമായി സംഭവിച്ചുകൊണ്ടിരിക്കുന്നത് ഒരാൾക്ക് നോക്കിക്കാണാനാകുമെങ്കിൽ അത് എല്ലാ വിധ മിഥ്യാസങ്കല്പങ്ങളുടെയും പൂർണ്ണമായ തിരസ്കരിക്കൽ ആയിരിക്കും. ഇത് നിങ്ങൾക്ക് ചെയ്യാൻ കഴിയു മോ? നിങ്ങളുടെ ആശ്രിതത്വത്തെ നിങ്ങൾക്ക് നിരീക്ഷിക്കാൻ കഴിയുമോ? ആ ആശ്രിതത്വം ഏതെങ്കിലും വ്യക്തിയിൽ, വിശ്വാസത്തിൽ, ആദർശത്തിൽ അല്ലെങ്കിൽ മുമ്പു നിങ്ങളെ വളരെയധികം ഉത്തേജിപ്പിച്ച ഏതെങ്കിലും അനുഭവത്തിൽ ആയിരിക്കാം. അത്തരം ആശ്രിതത്വം അനിവാര്യമായും മിഥ്യാബോധം സൃഷ്ടിക്കുന്നു.

മിഥ്യാബോധം സൃഷ്ടിക്കാത്ത, സങ്കല്പങ്ങളില്ലാത്ത, മതിഭ്രമമില്ലാത്ത, സത്യമെന്നു വിളിക്കപ്പെടുന്ന അനുഭവത്തെ പിടികൂടാൻ ശ്രമിക്കാത്ത ഒരു മനസ്സ് സ്വയം അതിൽത്തന്നെ വ്യവസ്ഥ കൊണ്ടുവരുന്നു. അതിന് വ്യവസ്ഥയുണ്ട്. മിഥ്യാസങ്കല്പങ്ങളും മതിവിഭ്രങ്ങളും മായാദൃശ്യങ്ങളും വരുത്തുന്ന കുഴപ്പം അതിനില്ല. മിഥ്യാസങ്കല്പങ്ങൾ സൃഷ്ടിക്കാനുള്ള കഴിവ് അതിന് നഷ്ടപ്പെട്ടിരിക്കുന്നു. അപ്പോൾ സത്യം എന്താണ്? ഖഗോളോർജ്ജതന്ത്ര ശാസ്ത്രജ്ഞർ ചിന്ത ഉപയോഗിച്ച് ഈ ഭൗതികലോകത്തെ മനസ്സിലാക്കാൻ നോക്കുന്നു. അവർ ഭൗതികശാസ്ത്രത്തിനും അപ്പുറത്തേക്ക് പോകുന്നു. പക്ഷേ അവർ എപ്പോഴും ബാഹ്യമായിട്ടാണ് നീങ്ങുന്നത്. എന്നാൽ നാം അകത്തേക്ക് പ്രവേശിച്ചാൽ "ഞാൻ" എന്നതും ഭൗതികമാണ് എന്ന് കാണാൻ കഴിയുന്നു. ചിന്തയും ഭൗതിക പദാർത്ഥം തന്നെ. എന്നാൽ വസ്തുതയിൽനിന്നും വസ്തുതയിൽ നീങ്ങി, അകത്തേക്ക് യാത്ര ചെയ്താൽ പദാർത്ഥത്തിന് അപ്പുറത്തുള്ളതിനെ നിങ്ങൾക്ക് കണ്ടെത്താൻ കഴിയും. അപ്പോൾ കേവലമായ സത്യം എന്നൊന്നുണ്ട്, നാം അതിലൂടെ ഇങ്ങനെ കടന്നു പോകുന്നുവെങ്കിൽ.

*'ചോദ്യങ്ങളും ഉത്തരങ്ങളും'* എന്ന പുസ്തകത്തിൽ നിന്ന് ■

## വാർഷിക സമ്മേളനം 2019



കൃഷ്ണമൂർത്തി ഫൗണ്ടേഷന്റെ വാർഷിക സമ്മേളനം (Gathering 2019) ഋഷിവാലി സ്കൂളിൽ നവംബർ 15 മുതൽ 18 വരെ നടക്കുന്നതാണ്. കുന്നുകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഈ മനോഹരമായ താഴ്‌വര കൃഷ്ണമൂർത്തിയുടെ ജന്മസ്ഥലമായ മദനപ്പള്ളിക്കടുത്താണ്.

കൃഷ്ണമൂർത്തിയുടെ വീഡിയോ പ്രദർശനങ്ങൾ, പ്രഭാഷണങ്ങൾ, ചർച്ചകൾ എന്നിവ സമ്മേളനത്തിന്റെ ഭാഗമായിരിക്കും. വ്യക്തിയെ തന്റെ ആഴങ്ങളിലേയ്ക്ക് ഇറങ്ങി ചെല്ലാനും, തന്നെ അലട്ടുന്ന അടിസ്ഥാന പ്രശ്നങ്ങളെ മനസ്സിലാക്കാനും ഒരു സന്ദർഭം ഒരുക്കുകയാണ് ഈ ഒത്തുചേരലിന്റെ ഉദ്ദേശം.

ഏവർക്കും പങ്കെടുക്കാം.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

Rishi Valley Education Centre, Rishi Valley P.O., Chittoor District,
Andhra Pradesh-517 352. E-mail: office@rishivalley.org

# ഞാനെന്നഭാവം ഇല്ലാതിരിക്കുമ്പോൾ

സ്നേഹം ചിന്തയുടെ ഉൽപന്നമാണെങ്കിൽ, ആ സ്നേഹം അസൂയയുടേയും, ഉടമയാവാനും അടിമയാവാനുള്ള മോഹത്തിന്റേയും, സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള ദാഹത്തിന്റേയും വലയിൽ കുടുങ്ങിയിരിക്കുന്നു. ആ സ്നേഹം ഇവയാൽ ചുറ്റും കെട്ടപ്പെട്ട വേലികൾക്കുള്ളിൽ സ്ഥിതി ചെയ്യുന്നു. നമ്മിലേറെപ്പേരെ സംബന്ധിച്ചിടത്തോളം സ്നേഹം എന്നത് സുഖാനുഭവവും, ചങ്ങാത്തവും, ആശ്വാസവും, സ്വകാര്യതയും, കുടുംബത്തിലെ സുരക്ഷാബോധവുമാണ്. എന്നാൽ യഥാർത്ഥത്തിൽ അവിടെ സ്നേഹം ഉണ്ടോ? തന്റെ കുടുംബത്തോട് ബന്ധിതനായ ഒരാൾക്ക് അയാളുടെ അയൽക്കാരനെ സ്നേഹിക്കാനാവുമോ? നിങ്ങൾക്ക് താത്വികമായി സ്നേഹത്തെക്കുറിച്ചു സംസാരിക്കാം, പള്ളിയിൽ പോകാം, ദൈവത്തെ സ്നേഹിക്കാം. അടുത്ത ദിവസം നിങ്ങൾ ഓഫീസിൽ പോകുന്നു, നിങ്ങളുടെ അയൽക്കാരനെ നശിപ്പിക്കുന്നു; കാരണം നിങ്ങളയാളുമായി മത്സരിക്കുകയാണ്. നിങ്ങൾക്കയാളുടെ ജോലിയും സ്വത്തുക്കളും വേണം. നിങ്ങൾ സ്വയം അയാളോടു താരതമ്യപ്പെടുത്തി നിങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്താൻ ആഗ്രഹിക്കുന്നു. രാവിലെ മുതൽ രാത്രിവരെ, ഉറങ്ങുമ്പോൾപോലും സ്വപ്നങ്ങളിലൂടെ, ഇത്തരം പ്രവർത്തനങ്ങൾ നിങ്ങൾക്കുള്ളിൽ നടന്നുകൊണ്ടിരിക്കുമ്പോൾ, എങ്ങ നെയാണ് നിങ്ങൾക്കു ബന്ധമുണ്ടാകാൻ കഴിയുക? അതോ, ബന്ധമെന്നു പറയുന്നത് തികച്ചും വ്യത്യസ്തമായ മറ്റെന്തോ ആണോ?

“ഞാൻ” എന്ന ഭാവത്തെ പൂർണ്ണമായും ഉപേക്ഷിക്കുമ്പോൾ മാത്രമേ ബന്ധം ഉണ്ടാകാൻ സാധ്യതയുള്ളു. “ഞാനെന്ന” ഭാവം ഇല്ലാതിരിക്കുമ്പോൾ, അപ്പോൾ നിങ്ങൾ ബന്ധപ്പെടുന്നു; അതിൽ ഒരു തരത്തിലുള്ള വേർപെടലുമില്ല. ഞാനെന്ന ഭാവത്തിന്റെ പൂർണ്ണമായ നിഷേധം (ബുദ്ധിപരമായി അല്ലാ, യഥാർത്ഥത്തിലുള്ളത്), പൂർണ്ണമായ വിരാമം—അതൊരു പക്ഷെ നാം അനുഭവിച്ചിട്ടുണ്ടാവില്ല. എന്നാൽ അതാണ്, രതിയിലൂടെയോ മഹത്തരമായ എന്തിനോടോ ഉള്ള ഏകീഭാവത്തിലൂടെയോ നമ്മളിൽ മിക്കവരും ഒരുപക്ഷേ അന്വേഷിക്കുന്നത്. എന്നാൽ മഹത്തരമായ എന്തിനോടോ ഉള്ള ഏകീഭാവം — അതും ചിന്തയുടെ ഒരുല്പന്നമാകുന്നു. ചിന്തയാകട്ടെ, പഴയതാണ്; എപ്പോഴും പഴയതാണ്. “ഞാൻ”, “എന്റേത്”, “അഹംബോധം” ഇവയെപ്പോലെ ചിന്തയും ഇന്നലെയുടേതാണ്. അപ്പോൾ ഈ ചോദ്യമുണ്ടാകുന്നു. “എന്നിൽ” കേന്ദ്രിതമായ ഈ പ്രക്രിയയെ, വേർപെടൽ എന്ന പ്രക്രിയയെ പൂർണ്ണമായും കൈവിടാൻ കഴിയുന്നതെങ്ങിനെയാണ്? അതെങ്ങിനെ പ്രാവർത്തികമാക്കാം? ചോദ്യം നിങ്ങൾക്കു മനസ്സിലായോ? എന്റെ ദൈനന്ദിന ജീവിതത്തിലെ പ്രവർത്തനങ്ങൾക്കാധാരം ഭയം, ഉൽക്കണ്ഠ, നിരാശ, ദുഃഖം, സംഭ്രമം, ആശ എന്നിവയാണ്. ദൈവത്തോട്, സ്വയം വ്യവസ്ഥപ്പെടുത്തലിനോട്, സമൂഹത്തോട് അതിന്റെ സാമാജികവും ധാർമ്മികവുമായ പ്രവർത്തനത്തോട്, രാഷ്ട്രത്തോട് — അങ്ങിനെയിങ്ങനെ പലതിനോടുമുള്ള ഏകീഭാവത്തിലൂടെ ‘ഞാൻ” എന്നെത്തന്നെ മറ്റുള്ളവരിൽനിന്നും വേർപെടുത്തുന്നു.

മനുഷ്യർ തമ്മിൽ ബന്ധങ്ങൾ ഉണ്ടാവാൻ ഈ ഞാനെന്ന ഭാവം എങ്ങിനെയാണ് ഇല്ലാതാകേണ്ടത്? അപ്രത്യക്ഷമാകേണ്ടത്? ബന്ധങ്ങളുണ്ടാക്കിയില്ലെങ്കിൽ നാം പരസ്പരം യുദ്ധം ചെയ്തു ജീവിച്ചു കൊണ്ടിരിക്കും. വേർപെടലുകൾ ഇല്ലാതെ, പരസ്പരം ശരിക്കും സഹകരിച്ചുകൊണ്ട് നമുക്കെങ്ങനെയാണ് ജീവിക്കാൻ കഴിയുക? ദാരിദ്ര്യം ഇല്ലാതാക്കുക, വേദനയും ഭയവുമില്ലാതെ സന്തോഷമായി ജീവിക്കുക, തികച്ചും വ്യത്യസ്തമായൊരു പുതുസമൂഹം നിർമ്മിക്കുക, എല്ലാ ധാർമ്മികതകൾക്കും അതീതമായൊരു ധാർമ്മികത ഉണ്ടാക്കിയെടുക്കുക—ഇങ്ങിനെ ധാരാളം കാര്യങ്ങൾ നമുക്കീ ലോകത്തിൽ ചെയ്യാനുണ്ട്. എന്നാൽ ഇന്നത്തെ സമൂഹത്തിന്റെ എല്ലാ സദാചാരങ്ങളേയും പൂർണ്ണമായി നിരസിക്കുമ്പോൾ മാത്രമേ അതു സാധ്യമാവൂ.

*പാരീസ്, 25 ഏപ്രിൽ 1968* ■

## വസന്തവിഹാറിൽ ഒരു റിട്രീറ്റ്

കൃഷ്ണമൂർത്തി ഫൗണ്ടേഷൻ ഇന്ത്യ, ചെന്നൈ വസന്തവിഹാറിലെ അതിന്റെ പഠനകേന്ദ്രത്തിൽ, കേരളത്തിൽ നിന്നുള്ളവർക്കു മാത്രമായി ഇക്കൊല്ലവും ഒരു റിട്രീറ്റിന് ആതിഥ്യം വഹിക്കുന്നു. (അത്തരം രണ്ടു പരിപാടികൾ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ നടത്തിയിട്ടുണ്ട്.) ആഗസ്റ്റ് 30, 31, സെപ്തംബർ 1 എന്നീ തീയതികളിലാണ് മൂന്ന് ദിവസത്തെ ഈ റിട്രീറ്റ് (വെള്ളി മുതൽ ഞായർ വരെ). “ധ്യാനം നിത്യജീവിതത്തിൽ” എന്നതാണ് പ്രതിപാദ്യ വിഷയം. കൃഷ്ണമൂർത്തിയുടെ പ്രഭാഷണങ്ങളുടെ വീഡിയോ പ്രദർശനങ്ങളും, കൂട്ടായ സംവാദങ്ങളും, ഗ്രന്ഥശാല ഉപയോഗിക്കുന്നതിനുള്ള അവസരവും പരിപാടിയിൽ ഉൾപ്പെടും.

വരവിന്റെയും പുറപ്പെടലിന്റെയും തീയതികൾ, താമസസൗകര്യം, സംഭാവനകൾ എന്നിങ്ങനെയുള്ള വിശദവിവരങ്ങൾക്ക് ദയവായി ഈമെയിൽ ചെയ്യുക: allkeralaretreat@gmail.com അല്ലെങ്കിൽ കെ.എഫ്.ഐ ചെന്നൈയിലേക്ക് എഴുതുക.

*Published in September, January and May*
*Registered with the Registrar of Newspaper*
*for India under No. TNMAL/2005/17822*

Periodical

*In undelivered please return to :*
KRISHNAMURTI FOUNDATION INDIA
Vasanta Vihar, 124,126 (Old 64,65) Greenways Road
Chennai-600 028. Tel. : 24937803 / 596
E-mail : publications@kfionline.org
Websites : www.kfionline.org / www.jkrishnamurti.org